## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5799</u> | <u>27.10.2011-ൽ മറുപടിയ്ക്ക്</u>

### ഏലത്തിന്റെയും തേയില കൊളുന്തിന്റെയും വിലയിടിവ്

| *ചോദ്യം* | | *മറുപടി* |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ പ്രധാന കൃഷിയായ ഏലത്തിന്റെയും തേയില കൊളുന്തിന്റെയും വില ക്രമാതീതമായി ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇടുക്കി ജില്ലയിലെ പ്രധാന കൃഷിയായ ഏലത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടനിലക്കാരെ വിപണിയിൽ ഇടപെടുന്നതിൽ നിന്നും ഒഴിവാക്കിയതിനാൽ തേയില കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നു. |
| (ബി) എങ്കിൽ വിലയിടിവ് തടയുന്നതിന് അടിയന്തിരമായി എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഏലത്തിന്റെ വിലയിടിവ് തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. സ്പൈസസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിലെ പുറ്റടിയിൽ രൂപീകരിച്ചിട്ടുളള 'സ്പൈസസ് പാർക്കിൽ 'ഏലം കർഷകർക്ക് ക്ലീനിംഗ്, ഗ്രേഡിംഗ്, സോർട്ടിംഗ് , പാക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾക്കു പുറമെ ന്യായമായ വില ലഭിക്കുന്നതുവരെ സൂക്ഷിച്ചുവയ്ക്കുന്നതിനുളള സൗകര്യങ്ങളും ലഭ്യമാണ്.<br><br>2. ഏലത്തിന്റെ വില സ്ഥിരതാ ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി ഇടുക്കി പാക്കേജിൽ എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുളള 250 കോടി രൂപക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവയുടെ തറവില നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) | ഏലത്തിന് തറവില നിശ്ചയിക്കുന്നത് അതിന്റെ സാധ്യത വിലയിരുത്തിയതിനുശേഷം പരിശോധിക്കുന്നതാണ്. |
| (ഡി) | ഇടുക്കി പാക്കേജിൽ ഏലം വിലയിടിവ് തടയുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ ആ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | (ഇ) & (എഫ്) | ഏലം വിലയിടവ് ഉണ്ടാകുമ്പോൾ ഏലം കർഷകരെ സഹായിക്കുന്നതിനായി എം.എസ്.സ്വാമിനാഥൻ റിസർവ്വ് ഫൗണ്ടേഷൻ റിപ്പോർട്ടിൽ ഏലം വില സ്ഥിരതാ ഫണ്ട് രൂപീക്കരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനായി 250 കോടി രൂപ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭിക്കുന്നതോടെ സ്പൈസസ് ബോർഡിന്റെ പ്രോത്സാഹനത്തോടെ പ്രവർത്തിക്കുന്ന ഫ്ളാവെറ്റ് സ്പൈസ്സ് ട്രേഡിംഗ് ലിമിറ്റഡ് കമ്പനി മുഖേന പദ്ധതി നടപ്പാക്കാവുന്നതാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| (എഫ്) | അടിയന്തിരമായി പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

R.K.Balige

സെക്ഷൻ ഓഫീസർ